# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2565** **12.02.2019-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിയിൽ വാസയോഗ്യമായ വീടില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ; | എ) | 31 കുടുംബങ്ങളുണ്ട്. |
| ബി) | പ്രസ്തുത കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ബേഡഡുക്ക പഞ്ചായത്തിൽ സർവ്വേ നം.757-ൽ പ്പെട്ട ചെമ്പക്കാട് കോളനിയിൽ സ്ഥിരതാമസമായിട്ടുള്ള കുടുംബങ്ങൾക്ക് സ്ഥലത്തിന് രേഖയില്ലാത്തതിനാൽ 15 വർഷമായി സ്ഥിരതാമസമാണെന്ന് സാക്ഷ്യ പത്രം ലഭ്യമാക്കിയ 23 ഗുണഭോക്താക്കൾക്ക് ആദ്യഘട്ടമെന്ന നിലയിൽ നിലവിലുള്ള സ്ഥലത്ത് വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള 8 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയതിനു ശേഷം വീട് അനുവദിക്കുന്നതാണ്. |
| സി) | ഈ കോളനിയിൽ വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | സി) | ഈ കോളനിയിൽ വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിന് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. (ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ഭൂമിയുടെ രണ്ടാം ഘട്ട ഫീൽഡ് തല പരിശോധന നടന്നു വരുന്നു.) |

| | | | |
|---|---|---|---|
| ഡി) | കോളനിയിലെ എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. മുഖേന കോളനി നിവാസികൾ നൽകിയിട്ടുള്ള നിവേദനത്തിൻമേൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഡി) | ടി കോളനിയിൽ അത്യാവശ്യമായി വീട് അനുവദിക്കേണ്ട 23 പേരുടെ അപേക്ഷ വകുപ്പ് പരിഗണിച്ച് വരുന്നുണ്ട്. ടി 23 പേർക്ക് സ്ഥലത്തിന് രേഖയില്ലാത്തതിനാൽ സർവ്വേ നമ്പർ 757 ൽ പ്പെട്ട ഭൂമിയിൽ 15 വർഷമായി സ്ഥിരതാമസമാണ് എന്ന സർട്ടിഫിക്കറ്റാണ് ലഭ്യമായിട്ടുള്ളത്. ചെമ്പകോട് കോളനിയിൽ മതിയായ ഭൂമി ലഭ്യമല്ലാത്തതിനാൽ മാറി താമസിക്കാൻ തയ്യാറായ 20 കുടുംബങ്ങളെ റവന്യൂ വകുപ്പ് മുഖേന സമീപമുള്ള സർവ്വെ നമ്പർ 176-ൽ പ്പെട്ട സ്ഥലത്ത് മാറ്റിപാർപ്പിക്കുവാൻ ശ്രമിച്ചിരുന്നു. പ്രസ്തുത സർവ്വെ നമ്പരിലെ ഈ സ്ഥലത്തിന് 2 പേർ അവകാശം ഉന്നയിച്ചതിനാൽ ഈ ഭൂമി അളന്നു നൽകുന്ന നടപടികൾ പൂർത്തിയായിട്ടില്ല. ഭൂമി ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഭൂമി വാങ്ങൽ പദ്ധതി പ്രകാരം അപേക്ഷ സ്വീകരിച്ചു. ഭൂമി വാങ്ങൽ പദ്ധതിയുടെ നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**